## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4428** — 17.05.2017- ൽ മറുപടിയ്ക്ക്

### അംഗപരിമിതർക്ക് സംവരണം

| ചോദ്യം<br>ശ്രീ. പി.കെ. ബഷീർ | മറുപടി<br>ശ്രീമതി കെ. ശൈലജ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | സർക്കാർ, പൊതുമേഖലയിൽ കരാർ/ദിവസവേതന/ എംപ്ലോയ്മെന്റ് നിയമനങ്ങളിൽ അംഗപരിമിതർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്നും, ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 34(1) പ്രകാരം എല്ലാ സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിലും ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ കേഡർ സ്ട്രെങ്ങ്തിൽ വരുന്ന ഒഴിവുകളിൽ താഴെ കാണിച്ചിരിക്കുന്ന ഭിന്നശേഷി വിഭാഗക്കാർക്കായി 4% ഭിന്നശേഷി സംവരണം അനുവദിച്ചിട്ടുണ്ട്.<br>a) Blindness and Low Vision<br>b) Deaf and Hard of Hearing<br>c) Locomotor Disability including Cerebral Palsy, Leprosy Cured, Dwarfism, Acid attack victims and Muscular Dystrophy<br>d) Autism, Intellectual Disability, Specific Learning Disability and Mental Illness<br>e) Multiple Disabilities from amongst persons under clauses (a) to (d) including Deaf Blindness in the posts identified for each disabilities.<br>ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ വിവിധ വകുപ്പുകളിലെ 654 തസ്തികകളിലും തുടർന്ന് "ഫങ്ഷണാലിറ്റി അസസ്സ്മെന്റ്" നടത്തി ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയേക്കാവുന്ന തസ്തികകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന നിയമനങ്ങളിൽ 4% സംവരണം നടപ്പിലാക്കുന്നതിന് സ. ഉ. (അച്ചടി) നം. 2/2023/സാ.നീ.വ. തീയതി 09.06.2023 |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ/ദിവസവേതന/ എംപ്ലോയ്മെന്റ് മുഖേന നിയമനം ലഭിച്ച അംഗപരിമിതരെ അവരുടെ ഡിസെബിലിറ്റിയുടെ ശതമാനം പരിഗണിച്ചുകൊണ്ട്, ഒരു വർഷത്തിലധികമായവരെ അതത് വകുപ്പുകളിൽ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 16.08.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം പൂർത്തിയാക്കിയ ഭിന്നശേഷിക്കാർക്ക്, അവർ ജോലി ചെയ്തിരുന്ന അതേ തസ്തികയിൽ, അതേ ഓഫീസിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് 18.05.2013 തീയതിയിലെ സ.ഉ.(പി) നം. 40/2013/സാ.നീ.വ. പ്രകാരം പുനർനിയമനം ലഭ്യമാക്കിയിരുന്നു. എന്നാൽ കരാർ/ ദിവസവേതന/എംപ്ലോയ്മെന്റ് മുഖേന നിയമനം ലഭിച്ച് ഒരു വർഷത്തിലധികമായവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പദ്ധതികൾ സാമൂഹ്യനീതിവകുപ്പ് വഴി നടപ്പിലാക്കുന്നില്ല. |
| (സി) | ഇല്ലെങ്കിൽ ഇത്തരത്തിലുള്ളവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

Jasmin Thomas

സെക്ഷൻ ഓഫീസർ